LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കോട് ചാൽ നവീകരണം

328(1029) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരണത്തിന് ഡി.റ്റി.പി.സി. മുഖേന സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയ ഏജൻസി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി 2016 ഫെബ്രുവരിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വെട്ടിക്കോട് ചാലിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ വെട്ടിക്കോട് ചാൽ ടൂറിസം പദ്ധതി പ്രദേശം സന്ദർശിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ട്. ഇതനുസരിച്ച് സ്റ്റേറ്റ് ടൂറിസം പ്രോജക്ട് ഡിസൈനേഴ്സ് പാനലായ ഗ്രേറ്റ് ഇൻഡ്യാ ടൂറിസം പ്ലാനേഴ്സ് & കൺസൾട്ടൻസ് ഇന്റർനാഷണലിനെ (ജിറ്റ്പാക്) DPR തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

സീ പ്ലെയിൻ പദ്ധതി

329(1030) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സീപ്ലെയിൻ പദ്ധതിക്കായി ഇതിനകം മൊത്തം എത്ര തുക ചെലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കായി തുക വിനിയോഗിച്ചു; തന്നാണ്ടിലെ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്രയായിരുന്നു; പിൻവലിച്ചത് എത്ര; എന്തെല്ലാം ആവശ്യങ്ങൾക്കെന്ന് വ്യക്തമാക്കാമോ;

(ബി) സീപ്ലെയിൻ സർവ്വീസ് എന്തെല്ലാം കൂട്ടിൽ നടത്തുന്നുണ്ട്;

(സി) ഏത് ഏജൻസി വഴിയാണ് സീപ്ലെയിൻ സർവ്വീസ് നടത്തുന്നത്; പ്രതിവർഷം എത്ര ടൂറിസ്റ്റുകൾ ഇത് പ്രയോജനപ്പെടുത്തുകയുണ്ടായി;

(ഡി) നാളിതുവരെ സീപ്ലെയിൻ സർവ്വീസ് ഇനത്തിൽ സർക്കാരിന് ചെലവായ തുകയും ലഭിച്ച വരുമാനവും സംബന്ധിച്ച് വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2015 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് മൊത്തം 5,88,81,912 രൂപയും കേരള പോലീസിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഹോഴ്സിന്റെ വിന്യാസത്തിനും വാട്ടർഡ്രോം സുരക്ഷാക്രമീകരണങ്ങൾ ഒരുക്കുന്നതിന് 2,45,99,536 രൂപയും വിശദമായ പ്രോജക്ട് റിപ്പോർട്ട്, കേരള സ്റ്റേറ്റ് ഹൈഡ്രോഗ്രാഫിക് സർവ്വേയ്ക്കും ഉദ്ഘാടനചടങ്ങ്, അനുബന്ധ പരസ്യങ്ങൾ, കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ ഡി.ജി.സി.എ, ബി.സി.എ.എസ്. മുതലായവയുടെ അനുമതികൾ പരിശോധന തുടങ്ങി അനുബന്ധ ചെലവുകൾക്ക് മൊത്തം 2,75,60,564 രൂപയുമാണ് ചെലവായിട്ടുള്ളത്.

2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആകെ 6 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഇതിൽനിന്നും ഇതുവരെ തുകയൊന്നും തന്നെ പിൻവലിച്ചിട്ടില്ല.

(ബി) പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ, കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങൾക്ക് പുറമേ വിനോദസഞ്ചാര കേന്ദ്രങ്ങളായ അഷ്ടമുടി, പുന്നമട, ബോൾഗാട്ടി, ബേക്കൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മുൻഗണനാ സർക്യൂട്ടിൽ സർവ്വീസ് നടത്തുവാനാണ് വിഭാവനം ചെയ്തിരുന്നത്. ഇതിന്റെ ഭാഗമായി ഇതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ കൊല്ലം അഷ്ടമുടിയിലും ആലപ്പുഴ പുന്നമടയിലും ഒരുക്കുകയും പദ്ധതിയുടെ ഔദ്യോഗിക ഉത്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെത്തുടർന്ന് സർവ്വീസുകൾ നിർത്തിവയ്ക്കുകയാണ് ഉണ്ടായത്.

(സി) സീപ്ലെയിൻ സർവ്വീസിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഇവയ്ക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കുകയും സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക എന്നത് മാത്രമാണ് സർക്കാരിന്റെ ചുമതല. "ഓപ്പൺ സ്കൈ പോളിസി"-യുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഏജൻസികളായ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്.) മുതലായവയിൽനിന്ന് ആവശ്യമായ അനുമതികൾ ലഭിച്ചിട്ടുള്ള ഏതൊരു ഓപ്പറേറ്റർക്കും സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

നടത്താവുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. വിവിധ ഓപ്പറേറ്റർമാർ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലാണ്. ആരും വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസുകൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

(ഡി) സീപ്ലെയിൻ സർവ്വീസുകൾ നടത്തേണ്ടത് ഇതിന് ആവശ്യമായ അനുമതികൾ ലഭ്യമായിട്ടുള്ള സ്വകാര്യ ഓപ്പറേറ്റർമാർ ആയതിനാൽ സർക്കാരിന് ഈ ഇനത്തിൽ ഒരു ചെലവുമില്ല. ഇന്ത്യാ വൻകരയിൽ സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുകവഴി ടൂറിസം രംഗത്ത് ഒരു നൂതന ഉൽപ്പന്നംകൂടി വിനോദസഞ്ചാരികൾക്ക് നൽകുക എന്നതാണ് കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാന്റ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉൽപ്പന്നം ലഭ്യമാക്കുകയും ചെയ്യും. സീപ്ലെയിൻ പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി സീപ്ലെയിൻ ഓപ്പറേഷൻസ് പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ ദൗത്യം. പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തുടക്കത്തിൽ രണ്ടു വർഷത്തേക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കുവാനാണ് സർക്കാർ തീരുമാനം. അതിനുശേഷം മുതൽമുടക്കിന് ആനുപാതികമായ ഒരു യൂസേഴ്സ് ഫീ ഏർപ്പെടുത്തുവാൻ സാധിക്കും. ജലവിമാനപദ്ധതി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ സഹായിക്കുകയും അതുവഴി പ്രത്യക്ഷവും പരോക്ഷവുമായ വരുമാന ലഭ്യതയ്ക്കും തൊഴിലവസരങ്ങൾക്കും കാരണമാകുകയും ചെയ്യും. ഈ പ്രാരംഭഘട്ടത്തിൽ വരുമാനം കൃത്യമായി കണക്കാക്കാൻ സാധ്യമല്ല.

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ടൂറിസം ഫണ്ട് പ്രവൃത്തികൾ

330(1031) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഫണ്ട് ഉപയോഗിച്ച് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തികളും അവയുടെ അടങ്കൽ തുകയും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ;

(സി) മുട്ടറ മരുതിമല ഇക്കോടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചോ; രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly